SY-35

Reg. No. : ..................................

Name : ..................................

**SECOND YEAR HIGHER SECONDARY**
**SECOND TERMINAL EXAMINATION, DECEMBER-2023**

Part – III

# ECONOMICS

Maximum : 80 Scores

Time : 2½ Hours
Cool-off time : 15 Minutes

***General Instructions to Candidates :***

- There is a 'Cool-off time' of 15 minutes in addition to the writing time.
- Use the 'Cool-off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- Read the instructions carefully.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.
- Give equations wherever necessary.
- Electronic devices except non-programmable calculators are not allowed in the Examination Hall.

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നല്കിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

**1 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 8 എണ്ണത്തിന് ഉത്തരമെഴുതുക.**
**1 സ്കോർ വീതം.** **(8 × 1 = 8)**

1. ഒരു തിരശ്ചീന ചോദന വക്രത്തിലെ എല്ലാം ബിന്ദുക്കളിലും വില ഇലാസ്തികത ;
   (a) പൂജ്യം
   (b) അനന്തത
   (c) സമഇലാസ്തികത
   (d) ഒന്നിനേക്കാൾ കൂടുതൽ

2. താഴെ പറയുന്നവയിൽ പരിപൂർണ്ണ മത്സരകമ്പോളത്തിൽ ശരിയായത് ?
   (a) P = AR > MR
   (b) P = AR < MR
   (c) P = AR = MR
   (d) P = MR > AR

3. ഉപഭോക്താവിന്റെ വരുമാനം വർദ്ധിച്ചപ്പോൾ X എന്ന വസ്തുവിന്റെ ചോദനം കുറഞ്ഞു. എങ്കിൽ X എന്ന വസ്തു ;
   (a) സാധാരണ വസ്തു
   (b) പ്രതിസ്ഥാപന വസ്തു
   (c) പൂരക വസ്തു
   (d) താഴന്ന തരം വസ്തു

4. എല്ലാ ഉൽപ്പാദന ഘടകങ്ങളേയും ഒരേ ആനുപാതത്തിൽ വർദ്ധിപ്പിച്ചാൽ ഉൽപന്നവും അതേ ആനുപാതത്തിൽ വർദ്ധിക്കും. എങ്കിൽ ഉൽപാദന ധർമ്മം കാണിക്കുന്നത്
   (a) സ്ഥിര നിരക്കിലുള്ള ആദായം
   (b) വർധിച്ച നിരക്കിലുള്ള ആദായം
   (c) കുറഞ്ഞ നിരക്കിലുള്ള ആദായം
   (d) നെഗറ്റീവ് നിരക്കിലുള്ള ആദായം

5. പരിപൂർണ്ണ മത്സരകമ്പോളത്തിന്റെ സവിശേഷതകളിൽ ഉൾപ്പെടാത്തത്
   (a) വില സ്വീകർത്താവ്
   (b) സമാന സ്വഭാവമുള്ള വസ്തുക്കൾ
   (c) സ്വതന്ത്ര ആഗമന നിർഗ്ഗമനം
   (d) കമ്പോള സാഹചര്യത്തെക്കുറിച്ച് അപൂർണ്ണ അറിവ്

6. ജോൺ മെയിനാർഡ് കെയിൻസ് രചിച്ച പ്രശസ്ത ബുക്ക്
   (a) പ്രിൻസിപ്പൾസ് ഓഫ് എക്കണോമിക്സ്
   (b) ജനറൽ തിയറി ഓഫ് എംപ്ലോയ്മെന്റ്, ഇന്ററസ്റ്റ് ആൻഡ് മണി.
   (c) വെൽത്ത് ഓഫ് നേഷൻസ്
   (d) എക്കണോമിക്സ്

7. തുറന്ന കമ്പോളത്തിൽ ഗവൺമെന്റ് ഇറക്കുന്ന ബോണ്ടുകളുടെ വില്പന കാരണമാകുന്നത്

(a) പണപ്രദാന വർദ്ധനവ്

(b) പണത്തിന്റെ ചോദനത്തിനുള്ള വർദ്ധനവ്

(c) പണപ്രദാന ചുരുക്കം

(d) റിപ്പോ നിരക്കിലെ കുറവ്

8. എക്സ് ആന്റി ഉപഭോഗം അർത്ഥമാക്കുന്നത്

(a) ആസൂത്രിത ഉപഭോഗ ചെലവ്

(b) യഥാർത്ഥ ഉപഭോഗ ചെലവ്

(c) ശരാശരി ഉപഭോഗ ചെലവ്

(d) ഓട്ടോണമസ് ഉപഭോഗ ചെലവ്

9. ഇന്ത്യയിൽ പണപ്രദാനം നിയന്ത്രിക്കുന്നത്

(a) ഇന്ത്യയുടെ കേന്ദ്ര ഗവൺമെന്റ്

(b) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ

(c) നീതി ആയോഗ്

(d) ഭാരതീയ റിസർവ് ബാങ്ക്

10. ഉൽപ്പാദന ധർമ്മം അർത്ഥമാക്കുന്നത് ;

(a) ചെലവും നിവേശങ്ങളും തമ്മിലുള്ള ബന്ധം

(b) നിവേശങ്ങളും ഉൽപന്നവും തമ്മിലുള്ള ബന്ധം

(c) ഹ്രസ്വകാല ഉൽപാദന ധർമ്മവും ദീർഘകാല ഉൽപാദന ധർമ്മവും തമ്മിലുള്ള ബന്ധം.

(d) വിഭേദക നിവേശങ്ങളും സ്ഥിര നിവേശങ്ങളും തമ്മിലുള്ള ബന്ധം.

**11 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(4 × 2 = 8)**

11. അപചയ സീമാന്ത ഉപയുക്തതാ നിയമം പ്രസ്താവിക്കുക.

12. നാലു സെക്ടറുകൾഉൾപ്പെടുന്ന ഒരു സ്ഥൂല സാമ്പത്തിക മോഡലിന്റെ ഭാഗങ്ങൾ ലിസ്റ്റ് ചെയ്യുക.

13. ഉൽപന്ന മൂല്യവും കൂട്ടിചേർത്ത മൂല്യവും തമ്മിലുള്ള വ്യത്യാസം എന്ത്?

14.

| Price | Demand | Supply |
|---|---|---|
| 10 | 10 | 6 |
| 20 | 9 | 7 |
| 30 | 8 | 8 |
| 40 | 7 | 9 |
| 50 | 6 | 10 |

(a) പട്ടികയിൽ നിന്നും സംതുലിതവിലയും സംതുലിത അളവും കണ്ടുപിടിക്കുക.

(b) സംതുലിത വില എന്നാൽ എന്ത്?

15. ശരാശരി ഉൽപന്നവും (AP) സീമാന്ത ഉൽപന്നവും (MP) തമ്മിലുള്ള ഏതെങ്കിലും രണ്ട് ബന്ധങ്ങൾ എഴുതുക.

**16 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക.**

**3 സ്കോർ വിതം.** **(4 × 3 = 12)**

16. ഒരു രാജ്യത്തിന്റെ ക്ഷേമ സൂചകം എന്ന നിലയ്ക്ക് GDPയുടെ ഏതെങ്കിലും മൂന്ന് പരിമിതികൾ പരിശോധിക്കുക.

17. (a) നിക്ഷേപ ഗുണകം എന്നാൽ എന്ത്?

(b) സീമാന്ത സമ്പാദ്യ പ്രവണത (MPS) മൂല്യം 0.2 ആണെങ്കിൽ, നിക്ഷേപ ഗുണകത്തിന്റെ മൂല്യം കണ്ടെത്തുക.

18. താഴെ നല്കുന്നവ സൂക്ഷ്മ സാമ്പത്തിക ശാസ്ത്രം, സ്ഥൂല സാമ്പത്തിക ശാസ്ത്രം എന്നി തലക്കെട്ടിൽ വർഗ്ഗീകരിക്കുക.

കമ്പോള ചോദനം, വ്യക്തിഗത വരുമാനം, ചരക്കു സേവന നികുതി, ഇന്ത്യൻ ഓയിൽ കോർപറേഷന്റെ ലാഭം, ഫലപ്രദമായ ചോദന തത്വം, പണപ്രദാനം.

19. മൂന്ന് ഉൽപാദന യൂണിറ്റുകളുടെ ഒരു ചരക്കിനുള്ള പ്രദാനം താഴെ നല്കുന്നു :

| Price | $S_1$ | $S_2$ | $S_3$ |
|---|---|---|---|
| 2 | 2 | 0 | 0 |
| 4 | 5 | 1 | 0 |
| 6 | 8 | 5 | 1 |
| 8 | 10 | 10 | 3 |

കമ്പോള പ്രദാനം കണ്ടുപിടിക്കുക. കമ്പോള പ്രദാന വക്രം വരയ്ക്കുക.

20. (a) കരുതൽ ധന ആനുപാതവും (CRR) പണഗുണക മൂല്യവും തമ്മിലുള്ള ബന്ധം എന്താകുന്നു ?

(b) CRR മൂല്യം 0.4 ആണെങ്കിൽ പണ ഗുണക മൂല്യം കണ്ടുപിടിക്കുക.

**21 മുതൽ 25 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ വീതം.** **(4 × 4 = 16)**

21. താഴെ പറയുന്നവ സന്തുലിത വിലയിലും സന്തുലിത അളവിലുമുണ്ടാക്കുന്ന മാറ്റങ്ങൾ ഡയഗ്രത്തിന്റെ സഹായത്തോടെ പരിശോധിക്കുക.

(a) ചോദന വക്രവും പ്രദാന വക്രവും ഒരേ നിരക്കിൽ വലത്തോട്ട് ഷിഫ്റ്റ് ചെയ്യുന്നു.

(b) ചോദനവക്രം ഇടത്തോട്ടും പ്രദാന വക്രം വലത്തോട്ടും ഒരേ നിരക്കിൽ ഷിഫ്റ്റ് ചെയ്യുന്നു.

22. ഉദാഹരണ സഹിതം താഴെ പറയുന്നവയുടെ വ്യത്യാസങ്ങൾ എഴുതുക.

(a) സാധാരണ വസ്തുക്കളും താഴ്ന്ന തരം വസ്തുക്കളും

(b) പ്രതിസ്ഥാപന വസ്തുക്കളും പൂരക വസ്തുക്കളും

23. (a) ബാർട്ടർ വിനിമയ സമ്പ്രദായത്തിന്റെ ഏതെങ്കിലും രണ്ടു പരിമിതികൾ ലിസ്റ്റ് ചെയ്യുക.

(b) പണത്തിന്റെ ഏതെങ്കിലും രണ്ടു ധർമ്മങ്ങൾ വിവരിക്കുക.

24. ആധുനിക സ്ഥൂല സാമ്പത്തിക ശാസ്ത്രത്തിന്റെ ആവിർഭാവത്തെ ക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

25. (a) നാമ മാത്ര GDP യും യഥാർഥ GDP യും തമ്മിലുള്ള വ്യത്യാസമെന്ത്?

(b) നാമ മാത്ര GDP യുടെ മൂല്യം ₹ 12,500 കോടിയും യഥാർഥ GDP യുടെ മൂല്യം ₹ 8,000 കോടിയും ആകുന്നെങ്കിൽ, GDP ഡിഫ്ലേറ്റർ കണ്ടുപിടിക്കുക.

**26 മുതൽ 30 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 5 സ്കോർ വിതം.** **(4 × 5 = 20)**

26. (a) പ്രദാനത്തിന്റെ വില ഇലാസ്തികത എന്നാൽ എന്ത്?

(b) ഒരു വസ്തുവിന്റെ വില 120 രൂപയിൽ നിന്നും 100 രൂപയായി കുറഞ്ഞതിന്റെ ഫലമായി, ആ വസ്തുവിന്റെ പ്രദാനം 200 യൂണിറ്റിൽ നിന്നും 150 യൂണിറ്റായി കുറഞ്ഞു. എങ്കിൽ പ്രദാനത്തിന്റെ വില ഇലാസ്തികത കണ്ടുപിടിക്കുക. പ്രദാന ഇലാസ്തികതയുടെ സ്വഭാവത്തെ ക്കുറിച്ച് കമന്റ് ചെയ്യുക.

27. താഴെ പറയുന്നവ ഗ്രാഫിന്റെ സഹായത്തോടുകൂടി പരിശോധിക്കുക.

(a) ഒരു ദ്വിമുഖ സമ്പദ്‌വ്യവസ്ഥയിൽ സംന്തുലിത ദേശീയ വരുമാനം നിർണ്ണയിക്കൽ.

(b) ഓട്ടോണമസ് ചെലവിലെ (AD) വർദ്ധനവിന്റെ ഫലമായി സംന്തുലിത ദേശീയ വരുമാനത്തിൽ വരുന്ന മാറ്റം.

28. "RBI യക്ക് സമ്പദ്‌വ്യവസ്ഥയിലെ പണപ്രദാനത്തെ വർദ്ധിപ്പിക്കുവാനും ചുരുക്കുവാനും സാധിക്കും."

(a) ഇന്ത്യയിൽ പണപ്രദാനം നിയന്ത്രിക്കുവാൻ RBI ഉപയോഗിക്കുന്ന ഏതെങ്കിലും നാലു പണനയ ഉപാധികൾ ലിസ്റ്റ് ചെയ്യുക.

(b) ഏതെങ്കിലും രണ്ട് അളവ് പരമായ പണ നയ ഉപാധികൾ വിവരിക്കുക.

29. (a) ചെലവ് രീതി പ്രകാരം GDP യുടെ ഐഡന്റിറ്റി എഴുതുക.

(b) താഴെ കൊടുത്ത ഡാറ്റ ഉപയോഗിച്ച് $GDP_{mp}$, $NDP_{fc}$, $NNP_{fc}$ എന്നിവ കണ്ടുപിടിക്കുക.

| Items | ₹ in crores |
|---|---|
| (a) അന്തിമ സ്വകാര്യ ഉപഭോഗ ചെലവുകൾ (C) | 20,000 |
| (b) ഗവൺമെന്റ് ചെലവുകൾ (G) | 10,500 |
| (c) അന്തിമ സ്വകാര്യ നിക്ഷേപ ചെലവുകൾ (I) | 12,850 |
| (d) അറ്റ കയറ്റുമതി (X – M) | 6,300 |
| (e) അറ്റ പരോക്ഷ നികുതികൾ | 1,800 |
| (f) വിദേശത്തു നിന്നുള്ള അറ്റ ഘടകവരുമാനം NFIA | 3,500 |
| (g) തേയ്മാന ചെലവുകൾ | 500 |

30. (a) ശരാശരി ചെലവും സീമാന്ത ചെലവും തമ്മിലുള്ള ഏതെങ്കിലും രണ്ടു ബന്ധങ്ങൾ എഴുതുക.

(b) താഴെ കൊടുത്ത ചെലവ് പട്ടിക പൂർത്തീകരിക്കുക :

| Output (Q) | TFC | TVC | TC | AVC | MC |
|---|---|---|---|---|---|
| 1 | 20 | | | 50 | |
| 2 | 20 | | | 40 | |
| 3 | 20 | | | 35 | |
| 4 | 20 | | | 15 | |
| 5 | 20 | | | 30 | |
| 6 | 20 | | | 45 | |
| 7 | 20 | | | 60 | |

31 മുതൽ 33 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക.

8 സ്കോർ വിതം. (2 × 8 = 16)

31. (a) പരിപൂർണ്ണ മത്സരകമ്പോളത്തിൽ ഒരു ഉൽപാദന യൂണിറ്റിന്റെ ലാഭം പരമാവധി എത്താൻ ആവശ്യമായ വ്യവസ്ഥകൾ ലിസ്റ്റ് ചെയ്യുക.

(b) ഡയഗ്രങ്ങളുടെ സഹായത്തോടെ പരിപൂർണ്ണ മത്സരകമ്പോളത്തിൽ ഒരു ഉൽപ്പാദന യൂണിറ്റിന്റെ ലാഭം പരമാവധി എത്തുന്നത് എങ്ങനെ എന്ന് പരിശോധിക്കുക.

32. (a) വില പരിധിയും തറവിലയും തമ്മിലുള്ള വ്യത്യാസം എന്ത് ?

(b) ഗവൺമെന്റിന്റെ വിലപരിധി, തറവില നയങ്ങൾ മൂലം കമ്പോളത്തിലുണ്ടാവുന്ന ഫലങ്ങൾ ഗ്രാഫിന്റെ സഹായത്തോടെ വിശദമാക്കുക.

33. താഴെ കൊടുത്ത രീതിയുപയോഗിച്ച് ദേശീയ വരുമാനം കണക്കാക്കുന്ന വിവിധ ഘട്ടങ്ങൾ വിവരിക്കുക :

(a) കൂട്ടിച്ചേർത്ത മൂല്യരീതി

(b) വരുമാന രീതി